I/58574/2022

**സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ : ശ്രീമതി.എം.അഞ്ജന IAS)**

തിരുവനന്തപുരം

ഉത്തരവ് നം: SJD/3529/2022-E2 തീയതി: 13-09-2022

വിഷയം :- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗകയറ്റം/സ്ഥലംമാറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1.സാമൂഹ്യനീതി ഡയറക്ടറുടെ 06/05/2020 ലെ SJD/792/2020-E9 നം നടപടിക്രമങ്ങൾ.
2.സാമൂഹ്യനീതി ഡയറക്ടറുടെ 19/08/2022 ലെ SJD/3469/2022-E2 നം നടപടിക്രമങ്ങൾ.

സാമൂഹ്യനീതി വകുപ്പിൽ സീനിയർ ക്ലർക്ക് തസ്തികയിൽ നിന്നും ഹെഡ് അക്കൌണ്ടന്റ് തസ്തികയിലേക്ക് പരാമർശം (2) പ്രകാരം ഉദ്യോഗക്കയറ്റം അനുവദിച്ചതു മുഖേന സീനിയർ ക്ലർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരാമർശം (1) പ്രകാരമുള്ള ക്ലാർക്ക് /ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാരുടെ മുൻഗണന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും അക്കൌണ്ട് ടെസ്റ്റ് പാസായിട്ടുള്ളതും. പ്രൊബേഷൻ പൂർത്തീകരിച്ചതുമായ ജീവനക്കാരിൽ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിയ്ക്കുന്നതിന് അർഹതയുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | സീനിയോരിറ്റി ലിസ്റ്റും അതിലെ ക്രമ നമ്പറും | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ.ശ്രീകുമാർ.ബി , ക്ലാർക്ക് | 9(SJD/792/2020-E9, dtd 06/05/2020) | 12.05.2022 തീയതിയിൽ 50 വയസ്സ് പൂർത്തീകരിച്ച |
| 2 | ശ്രീ.വി.എൻ രാജു, ക്ലാർക്ക് | 25(SJD/792/2020-E9dtd 06/05/2020) | 02.05.2022 തീയതിയിൽ 50 വയസ്സ് പൂർത്തീകരിച്ച |
| 3 | ശ്രീമതി.വിദ്യ.കെ.വി, ക്ലാർക്ക് ടൈപ്പിസ്റ്റ് | 29(SJD/792/2020-E9, dtd 06/05/2020) | |
| 4 | ശ്രീ.ആന്റണി.കെ.വി, ക്ലാർക്ക് ടൈപ്പിസ്റ്റ് | 30(SJD/792/2020-E9, dtd 06/05/2020) | 21.06.2020 തീയതിയിൽ 50 വയസ്സ് പൂർത്തീകരിച്ച |

| | | | |
|---|---|---|---|
| 5 | ശ്രീമതി.ധന്യ.റ്റി,<br>ക്ലാർക്ക് ടൈപ്പിസ്റ്റ് | 31(SJD/792/2020-E9, dtd 06/05/2020) | |
| 6 | ശ്രീ.കൃഷ്ണകുമാർ.എം.എസ്,<br>ക്ലാർക്ക് | 33(SJD/792/2020-E9, dtd 06/05/2020) | |
| 7 | ശ്രീ.സി.പി.അജിത്ത്കുമാർ,<br>ക്ലാർക്ക് | 34(SJD/792/2020-E9dtd 06/05/2020) | 28.04.2017 തീയതിയിൽ 50 വയസ്സ് പൂർത്തീകരിച്ചു |

മേൽ പറയുന്ന ജീവനക്കാരിൽ (ക്രമനമ്പർ-1) ശ്രീ.ശ്രീകുമാർ.ബി, (ക്രമനമ്പർ-2) ശ്രീ.വി.എൻരാജു, (ക്രമനമ്പർ-4) ശ്രീ.ആന്റണി.കെ.വി, (ക്രമനമ്പർ-7) ശ്രീ.സി.പി.അജിത്ത്കുമാർ എന്നീ ജീവനക്കാർക്ക് 50 വയസ്സ് പൂർത്തിയായിട്ടുള്ള സാഹചര്യത്തിൽ ഉദ്യോഗകയറ്റത്തിനുള്ള നിർബന്ധിത വകുപ്പുതല പരീക്ഷകൾ പാസാകുന്നതിൽ നിന്നും കെ.എസ്&എസ്.എസ്.ആർ ചട്ടം 13 (ബി) പ്രകാരം ഒഴിവാക്കിയിരിക്കുന്നു. (ക്രമനമ്പർ-3) ലെ ശ്രീമതി.വിദ്യ.കെ.വി, ക്ലാർക്ക് ടൈപ്പിസ്റ്റ് എസ്.സി വിഭാഗത്തിൽപ്പെട്ടതും ടെസ്റ്റ് യോഗ്യതയില്ലാത്തതുമായ ജീവനക്കാരിയായതിനാൽ കെ.എസ് & എസ്.എസ്.ആർ ചട്ടം 13(എ) 1(എ) -ലെ വ്യവസ്ഥകൾക്ക് വിധേയമായി താൽക്കാലിക ഉദ്യോഗകയറ്റത്തിനാണ് അർഹതയുള്ളത്.

സാമൂഹ്യനീതി ഡയറക്ടറുടെ 06/05/2020 തീയതിയിലെ SJD/792/2020-E9 നമ്പർ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ 26 ലെ ജീവനക്കാരൻ ശ്രീ.വിശാഖൻ.വി.ജി, ക്ലാർക്ക് ടൈപ്പിസ്റ്റ് പ്രൊബേഷൻ പൂർത്തീകരിച്ചിട്ടുള്ളതും, ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളതുമാണെങ്കിലും ജീവനക്കാരൻ ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സമർപ്പിച്ച ഓപ്ഷൻ സർക്കാർ പരിഗണനയിൽ ആയിരിക്കുന്നതിനാൽ ജീവനക്കാരനെ സീനിയർ ക്ലാർക്ക് തസ്തികയിലേക്കുള്ള ഉദ്യോഗകയറ്റത്തിൽ നിന്നും ഒഴിവാക്കുന്നു.

ഈ സാഹചര്യത്തിൽ, ക്രമനമ്പർ-3 ഒഴികെയുള്ള ജീവനക്കാരെ സീനിയർ ക്ലാർക്ക് തസ്തികയിൽ കെ.എസ്.& എസ്.എസ്.ആർ ചട്ടം 28 എ (1) പ്രകാരം (35600-75400) രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം അനുവദിച്ചും ക്രമനമ്പർ-3 ലെ ജീവനക്കാരിയെ കെ.എസ്&എസ്.എസ്.ആർ ചട്ടം 13 (എ) 1 (എ) വ്യവസ്ഥകൾക്ക് വിധേയമായി താൽക്കാലിക ഉദ്യോഗകയറ്റം അനുവദിച്ചും ചുവടെ അവരവരുടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചും (പട്ടിക-1), സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ സമർപ്പിച്ച സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് ആയതിൻ പ്രകാരം സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന (പട്ടിക-2) ൽ പേര് ചേർത്ത ജീവനക്കാർക്ക് സ്ഥലം മാറ്റം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടിക I ഉദ്യോഗകയറ്റം

| ക്രമ നമ്പർ | പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റ നിയമനം നൽകുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീ.ശ്രീകുമാർ.ബി<br>ക്ലർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | സീനിയർ ക്ലർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 2 | ശ്രീ.വി.എൻ രാജു<br>ക്ലർക്ക് | സീനിയർ ക്ലർക്ക്<br>ജില്ല സാമൂഹ്യനീതി ഓഫീസ് |

| | | |
|---|---|---|
| | ജില്ല സാമൂഹ്യനീതി ഓഫീസ് ഇടുക്കി | ഇടുക്കി |
| 3 | ശ്രീമതി.വിദ്യ.കെ.വി<br>ക്ലർക്ക് ടൈപ്പിസ്റ്റ്<br>പ്രൊബേഷൻ ഓഫീസ് കണ്ണൂർ | സീനിയർ ക്ലർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 4 | ശ്രീ.ആന്റണി.കെ.വി<br>ക്ലർക്ക് ടൈപ്പിസ്റ്റ്<br>പ്രൊബേഷൻ ഓഫീസ് എറണാകുളം | സീനിയർ ക്ലർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 5 | ശ്രീമതി.ധന്യ.റ്റി<br>ക്ലർക്ക് ടൈപ്പിസ്റ്റ്<br>പ്രൊബേഷൻ ഓഫീസ് കോഴിക്കോട് | സീനിയർ ക്ലർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 6 | ശ്രീ.കൃഷ്ണകുമാർ.എം.എസ്<br>ക്ലർക്ക്<br>ജില്ല സാമൂഹ്യനീതി ഓഫീസ് പത്തനംതിട്ട | സീനിയർ ക്ലർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |
| 7 | ശ്രീ.സി.പി.അജിത്ത്കുമാർ<br>ക്ലർക്ക്<br>ജില്ല സാമൂഹ്യനീതി ഓഫീസ് കണ്ണൂർ | സീനിയർ ക്ലർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് |

കെ.എസ് & എസ്.എസ്.ആർ ചട്ടം 13(എ)1(എ) വ്യവസ്ഥകൾക്ക് വിധേയമായി സീനിയർ ക്ലാർക്ക് തസ്തികയിൽ താൽക്കാലിക ഉദ്യോഗകയറ്റം അനുവദിച്ച ക്രമനമ്പർ-3 ലെ ശ്രീമതി.വിദ്യ.കെ.വി, ക്ലാർക്ക് ടൈപ്പിസ്റ്റ് ഈ ഉത്തരവ് തീയതി മുതൽ 3 വർഷ കാലയളവിനുള്ളിൽ സീനിയർ ക്ലാർക്ക് തസ്തികയ്ക്ക് ആവശ്യമായ ടെസ്റ്റ് യോഗ്യത നേടേണ്ടതാണ്. നിശ്ചിത കാലയളവിനുള്ളിൽ ടെസ്റ്റ് യോഗ്യത നേടാത്തപക്ഷം ജീവനക്കാരി ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിലേക്ക് തരം താഴ്ത്തപ്പെടുന്നതാണ്. <u>താൽക്കാലിക ഉദ്യോഗകയറ്റം നൽകിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ കാര്യാലയ മേധാവി ജീവനക്കാരിയുടെ സേവനപുസ്തകത്തിൽ നിർബന്ധമായും വ്യക്തമായും വരുത്തേണ്ടതാണ്.</u>

പട്ടിക II സ്ഥലംമാറ്റം

| ക്രമ നമ്പർ | പേര് തസ്തിക നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന തസ്തിക കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.ചിത്ര.എസ്.യു<br>സീനിയർ ക്ലർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | സീനിയർ ക്ലർക്ക്<br>ജില്ല സാമൂഹ്യനീതി ഓഫീസ്<br>പത്തനംതിട്ട |
| 2 | ശ്രീ.മഹേഷ് ഷേണായി<br>സീനിയർ ക്ലർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | സീനിയർ ക്ലർക്ക്<br>ജില്ല സാമൂഹ്യനീതി ഓഫീസ്<br>ആലപ്പുഴ |
| 3 | ശ്രീമതി.രജനി.യു<br>സീനിയർ ക്ലർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ് | സീനിയർ ക്ലർക്ക്<br>ജില്ല സാമൂഹ്യനീതി ഓഫീസ്<br>കോഴിക്കോട് |
| 4 | ശ്രീ.ഷിലിൻ.വി.പി<br>ക്ലർക്ക്<br>സാമൂഹ്യനീതി ഡയറക്ടറേറ്റ്<br>(ഹെഡ് ക്വാർട്ടർ നിയമനം) | ക്ലർക്ക്<br>ജില്ല സാമൂഹ്യനീതി ഓഫീസ്<br>കണ്ണൂർ |

ഉദ്യോഗകയറ്റം ലഭിച്ച എല്ലാ ജീവനക്കാർക്കും ചട്ടപ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും പ്രവേശനകാലത്തിനും യാത്രബത്തയ്ക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത യാത്രാബത്തയ്ക്കും, യഥാർത്ഥ യാത്രാസമയത്തിനും

I/58574/2022

അർഹതയുണ്ടായിരിക്കും. ഉദ്യോഗകയറ്റം, സ്ഥലംമാറ്റം എന്നിവ ലഭിച്ച ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടുന്നതും വിടുതൽ/ പ്രവേശന തീയതികൾ ഈ കാര്യാലയത്തിലേക്ക് അറിയിക്കേണ്ടതുമാണ്.

M. ANJANA IAS

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

പകർപ്പ് :

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർക്കും
2. എല്ലാ പ്രൊബേഷൻ ഓഫീസർമാർക്കും
3. ഇ1 മുതൽ ഇ7 വരെ
4. ഡയറക്ടറുടെ സി.എ.
5. സ്റ്റോക്ക് ഫയൽ/സ്പെയർ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്